## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6053 09.07.2013 ലെ മറുപടിക്ക്**

**ഉത്തരാഖണ്ഡിലെ പ്രളയത്തിൽപ്പെട്ട മലയാളികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ: | ശ്രീ ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |

| | |
|---|---|
| (എ) സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ ഉത്തരാഖണ്ഡിലെ പ്രളയബാധിത പ്രദേശത്ത് എത്തി എന്ന് വിശദമാക്കാമോ ; | (എ) സംസ്ഥാനത്തെ മന്ത്രിമാരാരും തന്നെ ഉത്തരാഖണ്ഡിലെ പ്രളയ ബാധിത പ്രദേശത്ത് പോയിട്ടില്ല. |
| (ബി) തീർത്ഥാടകരുടെ പ്രശ്നങ്ങൾ ഉന്നയിച്ച്കൊണ്ട് ശിവഗിരി സന്യാസി സ്വാമി ഗുരുപ്രസാദ് മുഖ്യമന്ത്രിയെ കാണാൻ വന്നിരുന്നുവോ; എത്ര തവണ കാണാൻ വന്നിരുന്നു എന്നത് വ്യക്തമാക്കാമോ ; ഇവരുടെ പ്രശ്നങ്ങൾ കേൾക്കുന്നതിന് മുഖ്യമന്ത്രി എത്ര സമയം അനുവദിച്ചു എന്നും സന്യാസിമാർ ആവശ്യപ്പെട്ട കാര്യത്തിന് എന്ത് നടപടികൾ ഉടനെ എടുത്തു എന്നും വ്യക്തമാക്കാമോ ; | (ബി) ടെലിഫോണിൽ പല പ്രാവശ്യം ഉത്തരാഖണ്ടിൽ വിളിച്ചിരുന്നു. |
| സി) മുഖ്യമന്ത്രിയും സാംസ്കാരിക വകുപ്പ് മന്ത്രിയും ഒന്നും ചെയ്തില്ല എന്ന് സ്വാമി ഗുരുപ്രസാദിന്റെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) സ്വകാര്യ ഹെലികോപ്റ്ററുകൾ ഏർപ്പെടുത്തിയാൽ വാടക നൽകാം എന്ന് ശിവഗിരി സന്യാസിമാർ | (ഡി) സംസ്ഥാന ഗവൺമെന്റ് ഹെലികോപ്റ്ററുകൾ ഏർപ്പാടു ചെയ്യുവാൻ ശ്രമിച്ചെങ്കിലും |

| | |
|---|---|
| മുഖ്യമന്ത്രിയെ അറിയിച്ചിട്ടും നിഷ്ക്രിയരായി നിന്നത് എന്ത് കൊണ്ടാണ് എന്നത് വിശദമാക്കുമോ ; | അതിനനുകൂല നിലപാടു കിട്ടിയില്ല. |
| ഇ) മുഖ്യമന്ത്രിയോ മറ്റ് മന്ത്രിമാർക്കോ പ്രളയബാധിത പ്രദേശത്ത് ചെന്ന് രക്ഷാ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകി മലയാളികളെ നാട്ടിലെത്തിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് എന്ത് തടസ്സമായിരുന്നു ഉണ്ടായിരുന്നത് ; വ്യക്തമാക്കുമോ;<br>എഫ്) തീർത്ഥടന കേന്ദ്രങ്ങളിൽ ഏതെങ്കിലും മലയാളിയ്ക്ക് അത്യാഹിത സംഭവിച്ചിട്ടുണ്ടോ എന്നത് വ്യക്തമാക്കാമോ ; അവിടെപ്പെട്ട് പോയിട്ടുള്ള മലയാളി തീർത്ഥാടകരുടെ അവസ്ഥയെന്ത് എന്ന് വ്യക്തമാക്കാമോ; ഇവരെ നാട്ടിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | ഇ), എഫ്) രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഡൽഹിയിലെ സംസ്ഥാന പ്രതിനിധിയായ റസിഡന്റ് കമ്മീഷണറെ സംഭവ സ്ഥലത്തയച്ച് അടിയന്തിരമായി ഉത്തരാഖണ്ഡ് സർക്കാരുമായി ബന്ധപ്പെട്ട് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കൺട്രോൾ റൂം ഡൽഹിയിൽ പ്രവർത്തിപ്പിച്ച് അപകടത്തിൽപെട്ടവരെ നാട്ടിലെത്തിക്കാൻ നടപടി സ്വീകരിക്കുകയുണ്ടായി. രക്ഷാപ്രവർത്തനത്തിനിടെ ഹെലികോപ്ടർ തകർന്ന് ആലപ്പുഴ സ്വദേശി ജോമോൻ എന്ന ജവാൻ ഹെലികോപ്ടർ അപകടത്തിൽ മരണമടയുകയുണ്ടായി. |

സെക്ഷൻ ഓഫീസർ